(ബി) . ഉണ്ടെങ്കിൽ അതെല്ലാം, പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് വെളിപ്പെടുത്താത്ത കാരണത്താൽ 1959-മാർച്ച് 15-ാംനു മുമ്പ് സ്റ്റാഫ് അംഗങ്ങളെ പിരിച്ചുവിട്ടതായി ഗവണ്മെൻറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലായെങ്കിൽ അതിനെസംബന്ധിച്ചു അന്വേഷിക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഉണ്ട്.

1. ശ്രീ. ജി. ചിദംബരയ്യർ, ആലപ്പുഴ.
2. ശ്രീ. കെ. ഗോപാലപിള്ള, എം. എസ്സ്. എസ്സ്. കൊല്ലം
3. ശ്രീ. ഗോവിന്ദപ്പണിക്കർ, ബലറാംമോട്ടോഴ്സ്.
4. ശ്രീ. പി. കുഞ്ഞുരാമൻ
5. ശ്രീ. ചിത്തരഞ്ജൻ.
6. ശ്രീ. ആർ. എസ്സ്. ഉണ്ണി.
7. ശ്രീ. എസ്സ്. ശങ്കർ.

(ബി) ഉണ്ട്.

(സി) ഉണ്ട്. റിപ്പോർട്ട് വെളിപ്പെടുത്താത്തകാരണത്താലല്ല.

ശ്രീ. ടി. കൃഷ്ണൻ : ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെൻറിൻറെ കൈവശം കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ് : ഉണ്ട്.

ശ്രീ. കെ. ഭാർഗ്ഗവൻ : ആ റിപ്പോർട്ടിലെ ശുപാർശകൾ എന്താണെന്നു പറയാമോ ?

ശ്രീ. ടി. വി. തോമസ് : അതു് അവിടെ ഓടിക്കൊണ്ടിരിക്കുന്ന ബസ്സ് സർവ്വീസുകളെല്ലാം കൂടി ഒരു സിൻഡിക്കേറ്റായി സംഘടിപ്പിക്കണം എന്നുള്ളതാണ് മുഖ്യമായ ശുപാർശ.

ശ്രീ. കെ. ഭാർഗ്ഗവൻ : അതനുസരിച്ച് എന്തുനടപടി എടുത്തു ?

ശ്രീ. ടി. വി. തോമസ് : ആ റിപ്പോർട്ടിൽ പറയുന്നതിനെസംബന്ധിച്ചു നടപടിയെടുക്കാൻ ട്രാൻസ്പോർട്ടുകമ്മീഷണരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. ടി. കൃഷ്ണൻ : പിരിച്ചു വിട്ട തൊഴിലാളികളിൽനിന്നും പരാതി കിട്ടിയിട്ടുണ്ടോ ; സ്വന്തമായി സർവ്വീസുകൾ നടത്തുന്നതായി പരാതികിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ് : അങ്ങനെ പരാതി കിട്ടിയിട്ടില്ല.

ശ്രീ. കെ ഭാർഗ്ഗവൻ : ഇപ്പോൾ എടുത്തുവരുന്ന നടപടി നേരെചൊവ്വേ എടുക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. ടി. വി. തോമസ് : ശ്രദ്ധിക്കാം.

അന്വേഷണക്കമ്മീഷൻ.

* 1416. [48] ശ്രീ. കെ. എം. ജോർജ്ജ് : താഴെ കാണുന്ന മേഖലകളെ സംബന്ധിച്ചു മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കാര്യങ്ങൾക്കായി എത്ര അന്വേഷണക്കമ്മീഷനെ നിയമിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിൽ എത്ര കമ്മിക്ഷൻ, അതിന്റെ ജോലി പൂർത്തിയാക്കി ഗവണ്മെൻറിനു റിപ്പോർട്ട സമർപ്പിച്ചു;

(സി) ഇവയിൽ എത്ര റിപ്പോർട്ടുകളം പ്രസിദ്ധീകരിച്ചു?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ, ബി, സി) ഉത്തരം തയ്യാറായിട്ടില്ല.

Food Advisory Committee

* 1417. [49] **Shri K. Chandrasekharan** †: Will the Minister for Food and Forests be pleased to state:

(a) whether a State Food Advisory Committee has been constituted and if so, when;

(b) who are its members; who are the Secretary and Chairman;

(c) what are its powers and functions; and

(d) has any meeting been held so far; if not why?

Minister for Food and Forests **(Shri K. C. George)**:

(a) Yes. The State Food Advisory Committee has been constituted on 18-3-1959.

(b)

1.	Minister for Food and Forests	Chairman
2.	Shri M. Hakimji Sahib, President Trivandrum District Muslim League, Murukkumpuzha	Member
3.	Shri M. A Mohamed Sahib, Secretary, Trivandrum District Muslim League, Vessel Merchant, Chalai, Trivandrum	do.
4.	Shri K. N. Sukumaran, R. S. P. Office, Van Ross Junction, Trivandrum	do.
5.	Shri K. Balakrishnan, 'Kaumudi' Daily, Pettah, Trivandrum	do.
6.	Shri M. N. Govindan Nair, Secretary, Communist Party of India, Kerala State Committee, Trivandrum	do.
7.	Shri Unni Raja, Communist Party of India, Kerala State Committee, Trivandrum	do.
8.	Shri Joseph Mathen, General Secretary, Kerala Pradesh Congress Committee, Congress House, Ernakulam	do.

†As the member was absent the question was put by Shri M. Narayana Kurup with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly